**15U402** (Pages:2) Name: ……………………

Reg. No……………………..

**FOURTH SEMESTER B.A./ B.Sc./ BSW DEGREE EXAMINATION, MAY 2017**

(CUCBCSS - UG)

**CC15U MAL4 A10 - MALAYALASAHITHYAM IV**

Malayalam - Common Course

(2015 Admission)

Time: Three Hours Maximum: 80 Marks

**I.** ഓരോന്നിനും ഒറ്റവാക്കിൽ ഉത്തരമെഴുതുക.

1. ഏതു ഭാഷയിൽ നിന്നാണ് "തർജ്ജമ' എന്ന പദം രൂപമെടുത്തത്?
2. "മനുഷ്യകുലത്തിന്റെ അന്ത്യം എന്ന ആശയം ഞാൻ തിരസ്കരിക്കുന്നു" പറഞ്ഞതാര്?
3. "ആൾ തന്നെ ശൈലി" പറഞ്ഞതാര്?
4. ചമത്ക്കാരവും ലാളിത്യവും ഒത്തുപോകുന്നതായി എസ്. ഗുപ്തൻനായർ നിരീക്ഷിക്കുന്ന ഏതെങ്കിലും ഒരു എഴുത്തുകാരന്റെ പേര് എഴുതുക.
5. പാറെമ്മാക്കൽ തോമ്മാക്കത്തനാരുടെ **'imitations of Christ'** എന്ന കൃതിയുടെ മലയാളപരിഭാഷയുടെ പേര്?
6. 'ചേർമ' എന്ന് കേരളത്തെ വിശേഷിപ്പിച്ച വിദേശി?
7. കേരളത്തിലെ മലവർഗ്ഗക്കാർക്കിടയിൽ സ്ത്രീകൾ തീണ്ടാരിയാകുമ്പോൾ താമസിക്കുന്ന കൂരയ്ക്ക് പറയുന്ന പേര്?
8. 2016 ലെ എഴുത്തച്ഛൻ പുരസ്കാരം നേടിയതാര്?
9. ചമ്പുവും നാടകവും സാഹിത്യത്തിന്റെ ഏതു വിഭാഗത്തിൽ പെടുന്നു?
10. 'ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസം' എന്ന കൃതി രചിച്ചതാര്?

**(10x½=5 marks)**

**II.** താഴെ തന്നിരിക്കുന്നതിൽ എല്ലാ ചോദ്യങ്ങൾക്കും ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക.

11. വിവർത്തനത്തിന് ഒരു നിർവ്വചനം എഴുതുക.
12. "ഉള്ളിൽ തട്ടിക്കൊണ്ടാണ് അയാൾ സ്വയം അങ്ങനെ ഉരുവിട്ടത്" ആര്? എന്താണയാൾ ഉരുവിട്ടത്?
13. കഥാപാത്രത്തെ വായനക്കാരന് ഉൾക്കൊള്ളണമെങ്കിൽ എന്തുചെയ്യണമെന്നാണ് സി. രാധാകൃഷ്ണൻ പറയുന്നത്?
14. ഇതിഹാസങ്ങൾ ശാശ്വതമായി നിലനിൽക്കാൻ ബി. രാജീവൻ കണ്ടെത്തുന്ന കാരണമെന്ത്?
15. മുത്തപ്പൻ പൂജയുടെ ഉത്ഭവകാരണം എന്ത്?

**( 5x2=10 marks)**

**III.** താഴെ തന്നിരിക്കുന്നതിൽ ഏതെങ്കിലും അഞ്ചെണ്ണത്തിന് ഒരു ഖണ്ഡികയിൽ ഉത്തരമെഴുതുക.

16. കേരളത്തിലെ മാതൃപാരമ്പര്യത്തെക്കുറിച്ച് കുറിപ്പെഴുതുക.
17. "ഈ തടവറയ്ക്കുള്ളിൽ പ്രകാശം വേണമെന്നേ എനിക്കുണ്ടായിരുന്നുള്ളൂ. അതു ഞാൻ നിർവ്വഹിക്കുകയും ചെയ്തു" പശ്ചാത്തലം വിശദമാക്കുക.
18. "മരിച്ചവന്റെ കുപ്പായങ്ങൾ
കുപ്പായങ്ങൾ പോലല്ല

അവന്റെ തോലുപോലെയാണ്"- വ്യാഖ്യാനിക്കുക.

19. പാട്ടു വറ്റിപ്പോയ വരണ്ട മനസ്സുകൾ മാത്രം ബാക്കിയായ കിളികളെ ഷെൽ എസ്പ്മാർക്ക് അവതരിപ്പിക്കുന്നതെങ്ങനെ?
20. "ഇതാണ് എന്റെ കൂട്ടരേ, ഞങ്ങളുടെ ഏകാന്തതയുടെ കേന്ദ്രസമസ്യ". ഇവിടെ മാർക്കേസ് പരാമർശിക്കുന്ന വസ്തുത വിശദമാക്കുക.
21. 'Too much of anything is good for nothing' സമാനമായ മലയാളശൈലിയേത്?
22. ഭാഷാഭേദത്തിന് കാരണമാകുന്ന ഘടകങ്ങൾ വിശദമാക്കുക.

**(5x5=25 marks)**

**IV.** താഴെ തന്നിരിക്കുന്നതിൽ ഏതെങ്കിലും നാലെണ്ണത്തിന് മൂന്നുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

23. ശൈലിയുടെ വിവിധങ്ങളായ മാനങ്ങളെ എം. എൻ കാരശ്ശേരി ആസ്വാദ്യകരമാം വിധം അവതരിപ്പിക്കുന്നതെങ്ങനെ?
24. മാറുന്ന മലയാളത്തെക്കുറിച്ച് വി ആർ പ്രബോധചന്ദ്രൻനായർ അവതരിപ്പിക്കുന്ന ആശയങ്ങൾ ക്രോഡീകരിക്കുക.
25. 'ഒരു കലാകാരൻ അയാൾ നിലനിൽക്കുന്ന ചരിത്രഘട്ടത്തോട് നടത്തുന്ന ഏറ്റവും നഗ്നമായ ആത്മപ്രതികരണമാകുന്ന യഥാർത്ഥകല'യെപ്പറ്റി ബി. രാജീവൻ നിരത്തുന്ന വിശകലനങ്ങൾ എന്തെല്ലാം?
26. കേരളത്തിലെ ആദിമനിവാസികളുടെ സാമൂഹികജീവിതവും ആചാരങ്ങളും വിവരിക്കുക?
27. പ്രധാനപ്പെട്ട വിവർത്തനരീതികൾ ഏതൊക്കെ? ഉദാഹരണസഹിതം വിവരിക്കുക ?
28. അക്കിത്തം എന്ന എഴുത്തുകാരനെ രൂപപ്പെടുത്തുന്നതിൽ സ്വാധീനഘടകങ്ങളായി വർത്തിച്ച വ്യക്തിത്വങ്ങളെക്കുറിച്ച് അദ്ദേഹം വിശദീകരിക്കുന്നതെങ്ങനെ?

**(4x10=40 marks)**

*******